Prepared by DM TSR

# മാതൃകാചോദ്യപേപ്പർ-1

STD 7- അടിസ്ഥാനപാഠാവലി (UNIT-1)

Score : 25 | Time : 45 Minutes

---

• താഴെ തന്നിട്ടുള്ള 6 പ്രവർത്തനങ്ങളിൽ 5 പ്രവർത്തനം എഴുതിയാൽ മതി. പ്രവർത്തനം-1 നിർബന്ധമായും എഴുതേണ്ടതാണ്.

1) ഖണ്ഡിക വായിച്ച് ഇവിടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

"ഊർജ്ജത്തിന്റെ നല്ല ഉറവിടമായ കൂർക്കയിലെ കാർബോഹൈഡ്രേറ്റിന്റെ തോത് ഏതാണ്ട് ഉരുളക്കിഴങ്ങിന് സമാനമാണ്. കൂർക്ക നല്ല ചൂടും ഈർപ്പവുമുള്ള സ്ഥലങ്ങളിൽ വളരുന്നു. വളർച്ചയിലുടനീളം നല്ല മഴ ഇതിന് ആവശ്യമാണ്. ഇതിന് വരൾച്ചയെ ഒട്ടും തന്നെ ചെറുത്തുനിൽക്കാനുള്ള ശക്തിയില്ല. മഴ കിട്ടിയില്ലെങ്കിൽ നല്ല വളർച്ചക്ക് നന്നായി നനച്ചുകൊടുക്കേണ്ടത് അത്യാവശ്യമാണ്. കൂർക്ക സാധാരണ വളക്കൂറുള്ള, നല്ല നീർവാർച്ചയുള്ള പ്രദേശങ്ങളിൽ വളരുന്നു. മണ്ണിൽ ചെളിയുടെ അംശം കൂടിയാൽ കിഴങ്ങുകളുടെ ഉല്പാദനത്തിനും വളർച്ചക്കും തടസ്സമാകും."

(കേരളകർഷകൻ, ഓഗസ്റ്റ് 2024)

(A) കൂർക്കയിലെ ഊർജ്ജസ്രോതസ്സ് ഏതാണ്
(പ്രോട്ടീൻ, കാർബോഹൈഡ്രേറ്റ്, വിറ്റാമിൻ D, അന്നജം)

(B) കൂർക്ക എവിടെയാണ് വളരുന്നത്?
(മഴയുള്ള പ്രദേശങ്ങളിൽ, ചൂടുകൂടിയ പ്രദേശങ്ങളിൽ, ചൂടും ഈർപ്പവുമുള്ള സ്ഥലങ്ങളിൽ, മഴപെയ്യാത്ത സ്ഥലങ്ങളിൽ)

(C) "മഴ കിട്ടിയില്ലെങ്കിൽ കൂർക്കയ്ക്ക് നല്ല വിളവ് ഉണ്ടാവുകയില്ല."
— ഈ പ്രസ്താവന — ?
(ശരിയാണ്, ഭാഗികമായി ശരിയാണ്, തെറ്റാണ്, ഭാഗികമായി തെറ്റാണ്)

(d) മഴ കിട്ടാത്ത സാഹചര്യത്തിൽ എന്തു ചെയ്യണം?
(കൃഷിസ്ഥലം മാറ്റണം, കൂർക്കയല്ലാത്ത മറ്റു വിളകൾ നടാം, നനച്ചുകൊടുക്കണം)

(e) കൂർക്കയുടെ ഉല്പാദനത്തിനും വളർച്ചക്കും തടസ്സം നിൽക്കുന്നതെന്ത്?
(രാസവളങ്ങൾ, വരൾച്ച, ചെളിയുടെ അംശം, അശാസ്ത്രീയ കൃഷിരീതികൾ)

(5)

Prepared by
DM, TSR

2. ചിത്രം നോക്കി കുറിപ്പ് തയ്യാറാക്കുക (5)
ചിത്രം - കുമ്മാട്ടി
സൂചനകൾ -
(തൃശൂർ ജില്ലയിലും പരിസരപ്രദേശങ്ങളിലും, മെടഞ്ഞ പുല്ല്, മുഖാവരണം, വാഴച്ചപ്പ്, ദൈവാധീനത്തിനായി നടിക്കുന്നു, ഏകതാളത്തിൽ കൊട്ടുന്നു, ആർപ്പുവിളിക്കുന്നു)

3. കർഷകരുടെ സഹായത്തോടെ സ്കൂളിൽ ഒരു കാർഷികോത്സവം സംഘടിപ്പിക്കുക. ഗ്രാമോത്സവമായി ഈ കാർഷികോത്സവത്തെ ജനകീയമാക്കാൻ നോട്ടീസ് പ്രചരിപ്പിക്കേണ്ടതുണ്ട്. അതിനായി കാര്യപരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു നോട്ടീസ് തയ്യാറാക്കുക (4)

A) "സുന്ദരാലേഖ്യം നീ കേരളമേ"
— സുന്ദരാലേഖ്യം എന്ന വാക്കിന്റെ അർത്ഥമെന്താണ്?
(മനോഹരം, ഒരു ചിത്രം, മനോഹരമായി വരച്ച ഒരു ചിത്രം, ഭൂപടം.) (1)

4) നെൽവിത്തിനങ്ങൾ കൊണ്ട് നിർമ്മിച്ച പദസൂര്യൻ നോക്കൂ. ഈ നെൽവിത്തിനങ്ങൾ ചേർത്ത് ഒരു പൊലിപ്പാട്ട് ഉണ്ടാക്കണം. മാതൃക നോക്കി പൂരിപ്പിച്ചാൽ മതി.




<u>പൊലിപ്പാട്ട്</u>

മുണ്ടകൻ വിത്തു പൊലിക പൊലി
മുണ്ടകൻ വിത്തു പൊലിക

(5)

5. "അധികം വിളഞ്ഞാൽ വിത്തിനാകാ"
എന്ന പഴഞ്ചൊല്ല് കേട്ടിട്ടുണ്ടല്ലോ!
കൃഷിയുമായി ബന്ധപ്പെട്ട ഒരു ചെറിയ
ചിത്രം വരച്ച് ഇതുപോലെയുള്ള
പഴഞ്ചൊല്ലുകൾ ചേർത്തെഴുതി "കൃഷിച്ചൊല്ലുകൾ"/
"പഴമൊഴിപ്പത്തായം" എന്നിവയിൽ ഏതെങ്കിലും
ഒരു ശീർഷകം കൊടുത്ത് ഒരു പോസ്റ്റർ
നിർമ്മിക്കൂ (5)

6. താഴെയുള്ള പട്ടിക ശ്രദ്ധിക്കൂ. കുമ്മാട്ടിയുമായി
ബന്ധമില്ലാത്ത പദങ്ങൾ മാറ്റി പട്ടിക
വീണ്ടും തയ്യാറാക്കൂ.
(വിനോദകല, പന്നിമലച്ചിൽ, വിളവെടുപ്പ്,
ഗ്രാമീണവീഥികൾ, മുഖാവരണം, ഗ്രാമീണവീഥി)

| കുമ്മാട്ടി | |
|---|---|
| • ദേശോത്സവം | • ചിത്രശലഭങ്ങൾ |
| • തള്ള | • വാഴച്ചുവട് |
| • ഓണം | • ആർപ്പുവിളിക്കുക |
| • ആഞ്ജനേയൻ | • ദൈവാധീനം |
| • പൊറാട്ട് വേഷങ്ങൾ | • വാഴച്ചുവട് |
| • ദശപുഷ്പങ്ങൾ | • തിരിയുഴിച്ചിൽ |
| • പാർപ്പടകപ്പുല്ല് | • മഴക്കാട് |
| • മഴക്കാട് | • പുഴയോരം |

(5)

Prepared by
DM TSR

# കൂടുതൽ മാതൃകാ ചോദ്യങ്ങൾ

1) താഴെ കാണുന്ന പദസൂര്യൻ ശ്രദ്ധിക്കൂ. ഇതിൽ കൃഷിയുമായി ബന്ധമില്ലാത്ത പദങ്ങൾ കണ്ടെത്തി അതിന് പകരം മറ്റു പദങ്ങൾ ചേർത്ത് പുതിയ പദസൂര്യൻ നിർമ്മിക്കൂ.




2. "ഗ്രാമശ്രീകൾ" എന്ന കവിതയിലെ പ്രത്യേകതകൾ മനസ്സിലാക്കിയല്ലോ! വാക്കും അർത്ഥവും ശരിയായി യോജിപ്പിച്ച് പുതിയ പട്ടിക തയ്യാറാക്കൂ.

| | വാക്ക് | | അർത്ഥം |
|---|---|---|---|
| 1 | ശ്രീ | a | ചിത്രം |
| 2 | കുന്തളബന്ധം | b | ലോകം |
| 3 | സന്തതം | c | ഐശ്വര്യം |
| 4 | വിശ്വം | d | മുടിക്കെട്ട് |
| 5 | ആലേഖ്യം | e | എല്ലായ്പ്പോഴും |

3. കാർഷികദിനവുമായി ബന്ധപ്പെട്ട് നിങ്ങളുടെ നാട്ടിലെ ഒരു മുതിർന്ന കർഷകനെ ആദരിക്കുകയാണ്. ഈ ചടങ്ങിന്റെ കാര്യപരിപാടികൾ ഉൾപ്പെടുത്തി ഒരു നോട്ടീസ് തയ്യാറാക്കുക

4. കൃഷിയുടെ പ്രാധാന്യം പുതിയ തലമുറയിലേക്ക് എത്തിക്കാൻ നിങ്ങളുടെ സ്കൂളിലെ ഫിലിം ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ഡോക്യുമെന്ററി (7 മിനിട്ട്) തയ്യാറാക്കുന്നു. അതിനാവശ്യമായ തിരക്കഥ തയ്യാറാക്കൂ. ഡോക്യുമെന്ററിക്ക് ഒരു പേരും നൽകണം.

5. നിങ്ങളുടെ സ്കൂളിലെ പരിസ്ഥിതിക്ലബ്ബ് നാട്ടിലെ വൃദ്ധനായ കർഷകന്റെ ഗൃഹസന്ദർശനം നടത്താൻ തീരുമാനിച്ചു. നിങ്ങൾ

DM TSR

Prepared by DM, TSR

അദ്ദേഹത്തോട് ചോദിക്കാൻ തയ്യാറാക്കുന്ന 5 ചോദ്യങ്ങൾ എന്തൊക്കെയായിരിക്കും?

(1)

(2)

(3)

(4)

(5)

6. പാരമ്പര്യവിത്തിനങ്ങളുടെ സംരക്ഷകനായ ചെറുവയൽരാമന്റെ ആത്മകഥയിലൊരുഭാഗം നിങ്ങൾ പഠിച്ചല്ലോ. വിത്തുശേഖരണത്തിൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം? താഴെ തന്നിട്ടുള്ള സൂചനകൾ ഉപയോഗിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക
(എൺപതുശതമാനം മൂപ്പ്, ആരോഗ്യമുള്ള നെന്മണികൾ, വെയിലത്തും മഞ്ഞത്തുമിട്ട്, ധാന്യമണികൾ, മധ്യത്തിൽ നിന്ന്, തനിമ, ഉത്തമം)

7. താഴെ തന്നിട്ടുള്ള കവിതാഭാഗം വായിച്ച് തുടർന്ന് ചോദിച്ചിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

"പൊന്നുഷസ്സിന്റെ കൊയ്ത്തിൽ
നിന്നൂരി-
ച്ചിന്നിയ കതിർ ചുറ്റും കിടക്കെ
മേവി കൊയ്ത്തുകാർ പുഞ്ചയിൽ ഗ്രാമ-
ജീവിതകഥാനാടക ഭൂവിൽ.

കെട്ടിയ മുടി കച്ചയിൽ മൂടി,
ചുറ്റിയ തുണി
ചായ്ച്ചൊന്നു കുത്തി
വെറ്റില ചവ, ച്ചുന്മദമോളം
വെട്ടിടുമരിവാളുകളേന്തി
ഒന്നിച്ചാനമ്രമെയ്യോടെ നിൽപ്പൂ
കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ,
നൽപ്പുലർകാല പാടലവാനിൽ,
ശുഭ്രമേഘപരമ്പര പോലെ"

(കന്നിക്കൊയ്ത്ത് - വൈലോപ്പിള്ളി)

(1) "പൊന്നുഷസ്സ്" - എന്ന വാക്കിലെ "ഉഷസ്സ്" അർത്ഥമെന്ത്?

(A) പ്രഭാതം

(B) സായാഹ്നം

(C) കതിര്

(D) ഉച്ച

(2) പാടം എന്നർത്ഥത്തിൽ കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏതാണ്?

A) വയൽ
B) കതിർ
C) പുഞ്ച
D) കേദാരം

(3) "ചായ്ച്ചുവന്നു കുത്തി" – എന്ത്?

(A) കെട്ടിയ മുടി
(B) ചുറ്റിയ തുണി
(C) വീശിയ വാൾ
(D) ചവച്ച വെറ്റില

(4) കൊയ്ത്തുപാടത്ത് കൃഷിക്കാർ എങ്ങനെയാണ് നിൽക്കുന്നത്?

(A) കുനിഞ്ഞ ശരീരത്തോടെ
(B) ലജ്ജകൊണ്ട് തുടുത്ത മുഖത്തോടെ
(C) നിവർന്ന് നിരന്ന്
(D) ഒറ്റയ്ക്ക് അവിടവിടെയായി

(5) കൊയ്ത്തുകാർ പാടത്തു നിൽക്കുന്നതിനെ കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെയാണ്?

DM
TSR

(A) വർണ്ണപുഷ്പങ്ങൾ പോലെ
(B) പൂവല്ലികളുടെ കൂട്ടം പോലെ
(C) ഇരുട്ടിലെ നക്ഷത്രങ്ങൾ പോലെ
(D) തെളിഞ്ഞ ആകാശത്ത് മേഘങ്ങൾപോലെ